# പതിനഞ്ചാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 2, തിങ്കൾ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**<u>നവകേരള നിർമ്മിതിയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ പങ്കാളിത്തം</u>**

*61 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മിതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ വ്യത്യസ്തങ്ങളായ കർമ്മപദ്ധതികൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അത്യന്തം അപകടകരമായ ഭൂപ്രകൃതിയും കാലാവസ്ഥയുമുള്ള വനമേഖലകളിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ അതിദാരിദ്ര്യമുക്തമാക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അതിദാരിദ്ര്യമുക്ത ജനവിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള തുടർപ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവാക്കൾക്ക് സർക്കാർ- സ്വകാര്യ മേഖലകളിലെ ഏറ്റവും ഉന്നത ശ്രേണിയിലുള്ള തൊഴിലുകളിൽ പ്രവൃത്തി പരിചയവും പരിശീലനവും ലഭ്യമാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>ആദിവാസി വിദ്യാർത്ഥികളുടെ പഠനം കാര്യക്ഷമമാക്കുന്നതിന് നടപടി</u>**

*62 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി സമൂഹത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനം കാര്യക്ഷമമാക്കുന്നതിനായി നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം കോഴ്സുകൾക്കാണ് ഇത്തരത്തിൽ പഠനത്തിനായി ധനസഹായം നൽകുന്നത്; ഏതെല്ലാം പദ്ധതികളിലൂടെയാണ് ഈ സഹായം ലഭ്യമാകുന്നത്; വ്യക്തമാക്കാമോ;

(സി) ആദിവാസി കുടിലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് അവരുടെ തനത് ഭാഷയിൽ പ്രാഥമിക വിദ്യാഭ്യാസം നൽകണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഏതെല്ലാം സ്കൂളുകളിലൂടെയാണ് ഈ വിദ്യാർത്ഥികളെ അവരുടെ തനത് ഭാഷയിൽ പഠിപ്പിക്കാൻ സാധിച്ചിട്ടുള്ളത്?

## <u>ജലനയം</u>

*63 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിണറുകൾ കുഴിക്കുന്നതിനും ഭൂഗർഭ ജലത്തിന്റെ ഉപയോഗത്തിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) അശാസ്ത്രീയമായ രീതിയിലുള്ള കിണർ നിർമ്മാണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വരൾച്ചയും ജലക്ഷാമവും ഉള്ള പ്രദേശങ്ങളിലെ അമിത ജല ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ജലനയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## <u>വന്യജീവി ആക്രമണ പ്രതിരോധ നടപടി</u>

*64 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണ പ്രതിരോധത്തിനായി ഏതൊക്കെ മിഷനുകൾ രൂപീകരിച്ചിട്ടുണ്ട്; ഈ മിഷനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര ഹെക്ടർ ഏകവിളതോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കി മാറ്റിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) കാവുകളുടെ സംരക്ഷണത്തിനും നവീകരണത്തിനുമായി 2016 മുതൽ 2025 വരെ എത്ര തുക ധനസഹായമായി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന വനം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ഏതൊക്കെ അവാർഡുകൾ 2016 മുതൽ 2025 വരെ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>കിഫ്ബി മുഖേന മത്സ്യമാർക്കറ്റുകളുടെ നവീകരണം</u>

*65 **ശ്രീ വി ജോയി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനികവൽക്കരണത്തിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തൊട്ടാകെ എത്ര മത്സ്യമാർക്കറ്റുകളുടെ നവീകരണം നടപ്പിലാക്കിയിട്ടുണ്ട്;

(സി) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് കിഫ്ബി വഴി 2021-25 വരെ ഏതൊക്കെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് നിർമ്മാണ അനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## <u>കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി</u>

*66 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) കുടിവെള്ള പദ്ധതികൾ അനിശ്ചിതമായി നീട്ടികൊണ്ടുപോകുന്നതു മൂലം നിർമ്മാണ ചെലവ് വലിയ തോതിൽ വർദ്ധിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>സേഫ് പദ്ധതി</u>

*67 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ അപൂർണ്ണവും പൂർത്തീകരിക്കാത്തതുമായ ഭവനങ്ങളുടെ പൂർത്തീകരണത്തിനും നവീകരണത്തിനുമായി ആരംഭിച്ച സേഫ് പദ്ധതിയുടെ നിലവിലുള്ള പ്രവർത്തനം വിശദമാക്കാമോ;

(ബി) അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിനും നവീകരണത്തിനുമായി സേഫ് പദ്ധതി വഴി എത്ര തുക നൽകി വരുന്നു; വ്യക്തമാക്കാമോ;

(സി) 2021 മുതൽ 2025 വരെയുള്ള കാലയളവിൽ സേഫ് പദ്ധതി വഴി എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ ഗുണഭോക്താക്കൾ ആയിട്ടുണ്ട്; വിശദമാക്കാമോ?

## <u>പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ</u>

*68 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ ആരോഗ്യസംരക്ഷണത്തിനായി വിഭാവനം ചെയ്ത സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; എന്തൊക്കെ സഹായങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ വകുപ്പ് മുഖേന നടത്തിവരുന്ന ഫുഡ് സപ്പോർട്ട് പ്രോഗ്രാമിന്റെ വിശദാംശം അറിയിക്കാമോ;

(സി) പട്ടികജാതി വിഭാഗക്കാർക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ വിശദാംശവും പുരോഗതിയും അറിയിക്കാമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് സ്പോർട്സ് രംഗത്ത് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനും സ്പോർട്സ് അടിസ്ഥാന സൗകര്യവികസനത്തിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ഏതൊക്കെ പദ്ധതികൾ പരിഗണനയിലുണ്ടെന്നും അവയിലേതൊക്കെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

## <u>ജലചൂഷണം നിയന്ത്രിക്കാൻ നടപടി</u>

*69 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും ജലചൂഷണം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) അശാസ്ത്രീയമായ ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഭൂജലത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഭൂജല ഉപയോഗത്തിൽ എന്തെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## <u>ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ശാസ്ത്രീയ പദ്ധതി</u>

*70 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും നടത്തിവരുന്നതായി പറയപ്പെടുന്ന ജലചൂഷണം തടയുന്നതിനും ജലവിതരണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും ജലനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) അശാസ്ത്രീയമായ ജല ഉപയോഗം തടയുന്നതിനും കുഴൽക്കിണർ നിർമ്മാണത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും പ്രസ്തുത കരട് നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വെള്ളപ്പൊക്കം തടയാൻ റൂം ഫോർ ദ റിവർ പദ്ധതി അനിവാര്യമാണെന്നും നദികൾക്ക് കുറുകെ പാലങ്ങൾ നിർമ്മിക്കുമ്പോൾ റെഗുലേറ്റർ കം ബ്രിഡ്ജ് സാധ്യതകൾ പരിശോധിക്കണമെന്നുമുള്ള അഭിപ്രായം ഉയർന്നു വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ശുചീകരിക്കുന്നതിനുമായി ശാസ്ത്രീയമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ; വിശദമാക്കാമോ?

## <u>മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പുവരുത്താൻ നടപടി</u>

*71 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിന്റെ അവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മത്സ്യബന്ധനാവകാശവും ആദ്യ വില്പനാവകാശവും മത്സ്യത്തൊഴിലാളികൾക്ക് നിജപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ മറ്റ് തൊഴിലുകൾ കണ്ടെത്തുവാൻ ഉതകുന്ന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഇടമലക്കുടിയിലെ വികസന പ്രവർത്തനങ്ങൾ

*72 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. എം. എം. മണി**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദ്യ ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇടമലക്കുടിയിൽ നടന്നുവരുന്ന റോഡ് പണിയുടെ പുരോഗതി വ്യക്തമാക്കാമോ; റോഡ് പണി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇടമലക്കുടിയിലെ ജനങ്ങളുടെ ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ സഹായം

*73 **ശ്രീ. എം.വിജിൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ എം നൗഷാദ്**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്കാണ് ഭവന നിർമ്മാണ സഹായം അനുവദിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ അത് വിശദമാക്കാമോ;

(ബി) 2011 മുതൽ 2016 വരെ എത്ര പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ഇക്കാലയളവിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാണോ; വ്യക്തമാക്കാമോ;

(സി) 2011 മുതൽ 2016 വരെയും 2016 മുതൽ നാളിതുവരേയും മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് പുനരധിവാസത്തിനൊപ്പം എന്തെല്ലാം ജീവനോപാധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മത്സ്യമേഖലയിലെ ക്ഷേമ വികസന പ്രവർത്തനങ്ങൾ

*74 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യമേഖലയിൽ സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ പ്രസ്തുത മേഖലയിലെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലിടങ്ങളിൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഇടയായിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) രാജ്യത്തെ മികച്ച മറൈൻ സംസ്ഥാനമായി കേരളവും മികച്ച മറൈൻ ജില്ലയായി കൊല്ലവും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമവികസന പ്രവർത്തനത്തിനും സർക്കാർ നടത്തിവരുന്ന മാതൃകാപരമായ പ്രവർത്തനങ്ങൾ പ്രസ്തുത അംഗീകാരത്തിന് പരിഗണനാ വിഷയമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ശാസ്ത്രീയ മത്സ്യകൃഷിരീതികൾ നടപ്പിലാക്കിയതിന്റെ ഫലമായി ഉൾനാടൻ മത്സ്യോത്പാദനത്തിലുണ്ടായ വർദ്ധനവ് സംബന്ധിച്ച് വിശദമാക്കാമോ;

(ഇ) ജനകീയ മത്സ്യകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

## വന്യജീവികളെ നേരിടാൻ ലാൻഡ് സ്കേപ്പ് പദ്ധതി

*75 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സംഘർഷം രൂക്ഷമായതിന്റെ പശ്ചാത്തലത്തിൽ വന്യജീവികളെ നേരിടാൻ ലാൻഡ് സ്കേപ്പ് പദ്ധതി നടപ്പാലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വന്യജീവി സംഘർഷം നേരിടുന്നതിനായി വനം വകുപ്പ് ഇതുവരെ സ്വീകരിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ലാൻഡ് സ്കേപ്പ് പദ്ധതി സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ വീണ്ടും ചർച്ച നടത്തുവാൻ നടപടി സ്വീകരിക്കുമോ?

## ഭൂജല സ്രോതസ്സുകളുടെ പരിപോഷണത്തിനായി പദ്ധതികൾ

*76 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**

**ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021, 2021-2025 കാലഘട്ടങ്ങളിൽ സംസ്ഥാനത്ത് ശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ സമഗ്രമായ ജലവിഭവ മാനേജ്മെന്റ് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂജല സ്രോതസ്സുകളുടെ പരിപോഷണത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കി വരുന്നു; വിശദമാക്കാമോ;

(സി) നദികളെ തന്നെ ജലസംഭരണികളാക്കി മാറ്റി ജലം സംരക്ഷിക്കുവാനുള്ള എന്ത് സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡിയും മിനിമം വേതനവും</u>

*77 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന മണ്ണെണ്ണ സബ്സിഡി 2016-ന് ശേഷം വർദ്ധിപ്പിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ബി) കാലാവസ്ഥ മുന്നറിയിപ്പുകൾ കാരണം ജോലിക്ക് പോകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകാമോ?

## <u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി അടങ്കൽ വിഹിതം</u>

*78 **ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങൾക്ക് ജനസംഖ്യ അടിസ്ഥാനത്തിലും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജനസംഖ്യയുടെ ഇരട്ടിയും പദ്ധതി അടങ്കൽ വിഹിതം നിശ്ചയിച്ചു നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളായി പദ്ധതി അടങ്കൽ ഉയർത്താത്തത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിഹിതം ഉയരാത്ത സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടോ;

(സി) 2024-25-ൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതി അടങ്കൽ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ ഈ തുക നടപ്പ് സാമ്പത്തിക വർഷത്തിൽ അധികമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ലാപ്ടോപ്പ് വാങ്ങുന്നതിന് സാമ്പത്തിക ധനസഹായം

*79 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസത്തിന് അവസരം ലഭിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് നൽകിവരുന്ന സാമ്പത്തിക സഹായം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി വകുപ്പ് 2016-21 കാലയളവിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര വിദ്യാർത്ഥികൾ ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്; വിശദമാക്കുമോ;

(സി) 2021 മുതൽ 2025 വരെയുള്ള കാലയളവിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര വിദ്യാർത്ഥികൾ ഗുണഭോക്താക്കളായിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) 2016 മുതൽ 2025 വരെയുള്ള കാലയളവിൽ ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; ആകെ എത്ര വിദ്യാർത്ഥികൾ ഗുണഭോക്താക്കൾ ആയിട്ടുണ്ട്; വിശദമാക്കാമോ?

## വിദ്യാതീരം പദ്ധതി

*80 **ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരുടെ കുട്ടികളുടെ വിദ്യാഭ്യാസപരമായ ഉന്നമനത്തിനുവേണ്ടി വിദ്യാതീരം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളി വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസപരമായ പുരോഗതിക്ക് വേണ്ടി എന്തെല്ലാം സ്കോളർഷിപ്പുകളും മറ്റാനുകൂല്യങ്ങളുമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംഘടിത തൊഴിൽ മേഖലയിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിലെ യുവജനങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ചതും വിവിധ മത്സര പരീക്ഷകൾക്ക് വേണ്ടിയുള്ളതുമായ പരിശീലന പരിപാടികളുടെ പുരോഗതി വിശദീകരിക്കുമോ;

(ഡി) ആധുനികകാലത്ത് ഏറ്റവും മികച്ച തൊഴിൽ സാധ്യതയുള്ള പൈലറ്റ് ട്രെയിനിങ്, പ്രമുഖ സർവകലാശാലകളിലെ ഉന്നത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ അവസരം ലഭിക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കാമോ?

## വനങ്ങളിലെ അധിനിവേശ സസ്യങ്ങൾ ഒഴിവാക്കാൻ നടപടി

*81 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നതിന് ഒരു കാരണം അധിനിവേശ സസ്യങ്ങളും ജലം കൂടുതൽ വലിച്ചെടുക്കുന്ന വൃക്ഷങ്ങളുമാണ് എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ കാടുകളിൽ നിന്നും മഞ്ഞക്കൊന്ന അടക്കമുള്ള അധിനിവേശ സസ്യങ്ങളും യൂക്കാലിപ്റ്റസ് അടക്കമുള്ള വെള്ളമൂറ്റി കുടിക്കുന്ന വൃക്ഷങ്ങളും പിഴുതു മാറ്റി മറ്റു വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പട്ടികജാതി ക്ഷേമ വകുപ്പിന്റെ ആഭ്യന്തര ഓഡിറ്റ് സംവിധാനം

*82 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. യു. എ. ലത്തീഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗം ഫലപ്രദമല്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വികസന വകുപ്പിന്റെ ആഭ്യന്തര ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വകുപ്പിൽ കൃത്യവും സമയബന്ധിതവുമായ ഓഡിറ്റിംഗ് നടപ്പാക്കിക്കൊണ്ട് ക്രമക്കേടുകൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## ആദിവാസി സമൂഹം നേരിടുന്ന അവഗണന

*83 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി സമൂഹം നേരിടുന്ന അവഗണന ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) സമരത്തിൽ പങ്കെടുക്കാത്തതിനെ തുടർന്ന് കണ്ണൂർ പേരാവൂരിൽ ആദിവാസി സ്ത്രീക്ക് തൊഴിൽ നിഷേധിച്ച സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ബന്ധപ്പെട്ട വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**<u>മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണം</u>**

*84 **ശ്രീ. കെ. ആൻസലൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ വഴി മത്സ്യത്തൊഴിലാളി വനിതകൾക്ക് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>മത്സ്യത്തൊഴിലാളി മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ</u>**

*85 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങൾ സർക്കാർ പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരളത്തിന്റെ വ്യക്തിഗത മത്സ്യബന്ധനം ദേശീയ ശരാശരിയുടെ എത്ര ശതമാനമാണ്; കണക്ക് വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികൾക്കാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; നിലവിൽ മണ്ണെണ്ണയ്ക്ക് നൽകി വരുന്ന സബ്സിഡി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

**<u>ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി</u>**

*86 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കുന്നതിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ സംസ്ഥാനത്തിന്റെ സ്ഥാനം ഏറ്റവും പുറകിലാണ് എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ;

(സി) പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പദ്ധതി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം

*87 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2025 വരെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാണോ; പുനരധിവസിക്കപ്പെട്ടവരിൽ എത്രപേർക്ക് വീടിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2016 മുതൽ 2025 വരെ സംസ്ഥാനത്ത് ഭവനരഹിതരും ഭൂരഹിതരുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വനാവകാശ നിയമപ്രകാരം കൈവശാവകാശ രേഖ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിന് നയരേഖ

*88 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നശിച്ചുകൊണ്ടിരിക്കുന്ന വനങ്ങളെ സംരക്ഷിക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് നയരേഖ പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമായതും വ്യാവസായികാടിസ്ഥാനത്തിൽ കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റ്സ്, മാഞ്ചിയം, മഞ്ഞക്കൊന്ന

തുടങ്ങിയ വൃക്ഷങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക വനത്തിന്റെ പുനഃസ്ഥാപനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**പട്ടികവിഭാഗ പദ്ധതികൾ അനർഹർ തട്ടിയെടുക്കുന്നത് തടയുന്നതിന് നടപടി**

*89 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗത്തിന്റെ ഉന്നമനത്തിനായുള്ള സർക്കാർ പദ്ധതികൾ ബോധപൂർവ്വം വൈകിപ്പിക്കുകയും ഗുണഭോക്താക്കളെ ഒഴിവാക്കി അനർഹർ ആനുകൂല്യങ്ങൾ തട്ടിയെടുക്കുകയും ചെയ്യുന്ന പ്രവണത തുടർന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് നടപടി**

*90 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങൾ തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവി ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2026 ജനുവരി 24, ശനി

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].